പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 12/03/2015 -ൽ മറുപടിക്ക്

നമ്പർ:1282

**ചേമഞ്ചേരി സബ് രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടിയിൽ ചേമഞ്ചേരി സബ് രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ? | എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ചേമഞ്ചേരി വില്ലേജിൽ റീ.സ.124/4 ബിയിൽപ്പെട്ട 7.5 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടു കിട്ടിയിരുന്നു. എന്നാൽ ടി വസ്തുവിന്റെ ഏകദേശം മധ്യഭാഗത്തുകൂടിയാണ് ദേശീയപാത വികസനത്തിന്റെ ഭാഗമായി വീതി കൂട്ടുമ്പോഴുള്ള അലൈൻമെന്റ് പോകുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടില്ല.<br><br>ദേശീയപാത വികസനത്തിനായി അക്വയർ ചെയ്യപ്പെടാതെ കിടക്കുന്ന ബാക്കി സ്ഥലത്തുനിന്ന് മേൽ ആവശ്യത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനായി ടി ഗ്രാമപഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.